# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 308

06.01.2014-ലെ മറുപടിക്ക്

### ജയിലിലെ ഫേസ്ബുക്ക് വിവാദം

**ചോദ്യം**

ശ്രീ.പി.റ്റി.എ.റഹീം

**മറുപടി**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) കോഴിക്കോട് ജില്ലാ ജയിലിലെ വിചാരണ തടവുകാരായ ചിലരുമായി ബന്ധപ്പെട്ട് ഉണ്ടായ ഫേസ് ബുക്ക് വിവാദത്തിന് പിന്നിൽ ഗൂഢാലോചന നടന്നിട്ടുണ്ടോയെന്ന് പോലീസ് അന്വേഷണം നടത്തുകയുണ്ടായോ; | എ) അന്വേഷണം നടത്തുകയുണ്ടായി. |
| ബി) വിചാരണ തടവുകാരിൽ ആരെങ്കിലും ജയിലിൽ ഫേസ് ബുക്ക് ഉപയോഗിച്ചതിന് കൃത്യമായ തെളിവുകൾ ലഭ്യമായിട്ടുണ്ടോ; | ബി) അന്വേഷണം പുരോഗമിക്കുകയാണ്. |
| സി) ടി.പി.ചന്ദ്രശേഖരൻ വധക്കേസിലെ വിചാരണ തടവുകാർക്ക് ജയിലിൽ ഏതെങ്കിലും തരത്തിലുള്ള പ്രത്യേക സൗകര്യങ്ങൾ അനുവദിച്ചിട്ടുണ്ടായിരുന്നോ; | സി) ഇല്ല. |
| ഡി) ജയിലുകൾ നരകതുല്യമായിരിക്കണമെന്ന് ഏതെങ്കിലും നിയമം വ്യവസ്ഥ ചെയ്യുന്നുണ്ടോ; റിമാന്റ് തടവുകാർക്ക് ജയിലുകളിൽ അവർ കൊണ്ടുവരുന്ന വസ്ത്രങ്ങൾ ധരിക്കാമോ; ഏതെല്ലാം നിലയിലുള്ള തടവുകാരാണ് ജയിൽ വസ്ത്രങ്ങൾ തന്നെ ധരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത്; | ഡി) ഇല്ല. റിമാന്റ് തടവുകാർക്ക് ജയിലുകളിൽ അവർ കൊണ്ടുവരുന്ന വസ്ത്രങ്ങൾ ധരിക്കാം. ജയിൽ വസ്ത്രങ്ങൾ തന്നെ ധരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത് ശിക്ഷാതടവുകാർക്കാണ്. |
| ഇ) റിമാന്റ് തടവുകാരനായ കിർമാണി മനോജിന്റെ സിം കാർഡുമായി ബന്ധപ്പെട്ട വിവാദം സംബന്ധിച്ച അന്വേഷണം പൂർത്തിയായിട്ടുണ്ടോ; ഫേസ് ബുക്ക് വിവാദവും സിംകാർഡ് വിവാദവും സംബന്ധിച്ച അന്വേഷണം നടത്തുന്നത് ആരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ്? | ഇ) ഇല്ല. കസബ സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിവരികയാണ്. |

സെക്ഷൻ ഓഫീസർ